**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4938** **20-03-2025 - ൽ മറുപടിയ്ക്ക്**

**പരീക്ഷാ ഭവനിൽ തീർപ്പാക്കാനുള്ള ഫയലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പരീക്ഷാ ഭവനിൽ 28.02.2025 വരെ എത്ര ഫയലുകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്; | (എ) | പരീക്ഷാ ഭവനിൽ 28.02.2025 വരെ 3499 ഫയലുകൾ തീർപ്പാക്കാനുണ്ട്. |
| (ബി) | പരീക്ഷാ ഭവനിൽ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുമ്പോൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും അപേക്ഷാ ഫീസ് ഓൺലൈനായി തന്നെ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | പരീക്ഷാ ഭവനിൽ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുമ്പോൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും അപേക്ഷാ ഫീസ് ഓൺലൈനായി സ്വീകരിക്കുന്നതി-നും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഈ മാറിയ കാലഘട്ടത്തിൽ അതിനനുസൃതമായ മാറ്റം പരീക്ഷാഭവനിലും കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പരീക്ഷാ ഭവനിൽ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുമ്പോൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും അപേക്ഷാ ഫീസ് ഓൺലൈനായി സ്വീകരിക്കുന്നതി-നും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പരീക്ഷാഭവനിലെ ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ജില്ലാ തലത്തിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | പരീക്ഷാ സംബന്ധമായ പ്രവർത്തനങ്ങൾക്ക് പരീക്ഷാഭവനിൽ എല്ലാ ജീവനക്കാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നതിനാൽ ജില്ലാ തലത്തിൽ ഫയൽ അദാലത്ത് നടത്തുന്നതിൽ പരിമിതിയുണ്ട്. |
| (ഇ) | പരീക്ഷാ ഭവനിലെ ഏത് സെക്ഷനിലാണ് ഏറ്റവും കൂടുതൽ ഫയലുകൾ തീർപ്പാക്കാനുള്ളത്; എത്ര ഫയലുകൾ തീർപ്പാക്കാനുണ്ട്; അതിനു കാരണമെന്താണെന്ന് വിശദമാക്കാമോ? | (ഇ) | പരീക്ഷാഭവനിലെ ജെ.എ. സെക്ഷനിലാണ് ഏറ്റവും കൂടുതൽ ഫയലുകൾ തീർപ്പാക്കാനുള്ളത്. 715 ഫയലുകൾ തീർപ്പാക്കാനുണ്ട്. പരീക്ഷാ ഭവനിൽ ആസ്ഥാന കാര്യാലയ ഒഴിവിൽ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർ ഉടൻ തന്നെ മാതൃ ജില്ലയിലേയ്ക്ക് സ്ഥലം മാറി പോകുന്നതിനാൽ, സെക്ഷനുകളിൽ ഒഴിവ് വരുന്നതിനാലും, സ്കൂളുകളിൽ നിന്നും സമയബന്ധിതമായി ബ്ലാങ്ക് ബുക്കുകൾ പൂരിപ്പിച്ച് ലഭിക്കുവാൻ വൈകുന്നതിനാലുമാണ് ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത്. |

സെക്ഷൻ ഓഫീസർ